# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1975** — **05/10/2016** -ൽ മറുപടിക്ക്

## നഗരൂർ, കരവാരം, പുളിമാത്ത് സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) ഉണ്ട്; പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി 59.30 കോടി രൂപ (എസ്.ഒ.ആർ- 2012) മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ, കിണർ ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണികൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. |
| (ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഫയൽ ഗവൺമെന്റിലേക്ക് അയയ്ക്കുന്നതിന് തടസ്സം എന്താണെന്നും വ്യക്തമാക്കാമോ; | (സി) എസ്റ്റിമേറ്റ് തുക 59.30 കോടി രൂപയാണ് (എസ്.ഒ.ആർ-2012). ഈ എസ്റ്റിമേറ്റ് ഡി.എസ്.ആർ 2014 (ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014) അനുസരിച്ച് പുതുക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതും ഒരു സമഗ്ര കുടിവെള്ള പദ്ധതി പോലുമില്ലാത്തതുമായ ഈ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/